**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ് കാസറഗോഡ്.**

സാധ്യതാപട്ടിക നമ്പർ കെ.ജി.ഡി..III/പി.എൽ/2/2007. കാസറഗോഡ്,
കാറ്റഗറി നമ്പർ. 133/2005. 05/07/2007

## *വിജ്ഞാപനം*

31.10.2005 ലെ ഗസറ്റ് വിജ്ഞാപന പ്രകാരം ആരോഗ്യ വകുപ്പിൽ 4000-6090 (പി.ആർ) രൂപ ശമ്പള നിരക്കിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികയിലേയ്ക്കുള്ള (കാറ്റഗറി നമ്പർ 133/2005) തെരഞ്ഞെടുപ്പിനായി 18/11/2006 തീയതിയിൽ നടത്തിയ ഒബ്ജക്ടീവ് രീതിയിലുള്ള പരീക്ഷ (ഓ.എം.ആർ മൂല്യ നിർണ്ണയം) യുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിലേക്ക് പരിഗണിക്കപ്പെടാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ സാധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ജനനതീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്ന താണ്.

രജിസ്റ്റർനമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.. രജിസ്റ്റർ നമ്പറു കൾക്ക് മുന്നിലായി കാസറഗോഡ് ജില്ലയെ സൂചിപ്പിക്കുന്ന 'ബി' ( B ) എന്ന അക്ഷരം ചേർത്ത് വായിക്കേതാണ്.

<u>പട്ടിക 1</u>
ഇല്ല

<u>പട്ടിക II</u>

<u>മുഖ്യപട്ടിക</u>

| | | | | | |
|---|---|---|---|---|---|
| 200015 | 200052 | 200091 | 200116 | 200123 | 200177 |
| 200183 | 200216 | 200251 | 200297 | 200330 | 200359 |

200368 200391 200445 200449 200486 200505

200511

## ഉപ പട്ടിക

## പട്ടികവർഗ്ഗം

200222 200227 200238 200249 200260 200309

200335 200375 200397 200480 200593 200598

*കുറിപ്പ്-1:* അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി, തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

*കുറിപ്പ്-2:* അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനുശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

പരീക്ഷയിൽ 68(അറുപത്തി എട്ട്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയുടെ മുഖ്യ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാനമാർക്കിൽ ആവശ്യമായ ഇളവ് വരുത്തി ഉപപട്ടിക തയ്യാറാക്കിയിരിക്കുന്നു.

**ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യത,ജനനതീയതി സംവരണാനുകൂല്യത്തിനുള്ള അർഹത എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ രേഖകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും സഹിതം 21/07/2007 ന് രാവിലെ 10 മണിക്ക് പി.എസ്.സി. യുടെ കാസറഗോഡ് ജില്ലാ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.**

……..3/-

*സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിന് ഉദ്യോഗാർത്ഥികൾ മുകളിൽ പറഞ്ഞിട്ടുള്ള ദിവസവും സമയവും കൃത്യമായി മനസ്സിലാക്കി വെരിഫിക്കേഷന് അന്നേ ദിവസം കൃത്യ സമയത്ത് സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്.*

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട അസ്സൽ സർട്ടിഫിക്കറ്റുകൾ

| | |
|---|---|
| (1) ജനനതീയതി,വയസ്സ് : | എസ്. എസ്.എൽ.സി.യുടെ ബന്ധപ്പട്ട പേജ്/തത്തുല്യ സർട്ടിഫിക്കറ്റും , അസ്സലും പകർപ്പും |
| (2) വിദ്യാഭ്യാസ യോഗ്യത: | ഗസറ്റ് വിജ്ഞാപനത്തിൽ ഈ തസ്തികയ്ക്ക് നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യത സർട്ടിഫിക്കറ്റും പകർപ്പും. |
| (3) ജാതി,സമുദായം : (സംവരണാനുകൂല്യത്തിന്) | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും പകർപ്പും. |
| (4) സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ : | ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽ നിന്നോ ആഫീസ് മേധാവിയിൽ നിന്നോ ലഭിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് |
| (5) പേര്, ജനനത്തീയതി, എന്നിവയിൽ വ്യത്യാസം : | പേര്, ജനനത്തീയതി, എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനവും പകർപ്പും. |
| (8) മറ്റേതെങ്കിലും അർഹത : | മറ്റേതെങ്കിലും അർഹതയുണ്ടെങ്കിൽ ആയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റും പകർപ്പും |

*മുകളിൽ പറഞ്ഞപ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും വെരിഫിക്കേഷൻ സമയത്തിനുശേഷം ഹാജരാക്കാൻ അവസരം നൽകുന്നതല്ല.*

പി.കരുണാകരൻ
ജില്ലാ ആഫീസർ,
കെ.പി.എസ്.സി. ,ജില്ലാ ആഫീസ്
കാസറഗോഡ്

എൽ.എസ്.